ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം വേമ്പനാട്ട് കായലിനെ ദേശീയനദി സംരക്ഷണ പദ്ധതിയിൽപ്പെടുത്തി ജലമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കോഴിക്കോട്ടുള്ള സി. ഡബ്ല്യു. ആർ. ഡി. എം., കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ നദികളേയും വ്യാവസായിക ഉറവിടങ്ങളിൽ നിന്നും മലിനപ്പെടുന്നത് തടഞ്ഞ് ജല ഗുണനിലവാരം കാത്തുസൂക്ഷിക്കാനായി 1974-ലെ ജല മലിനീകരണ നിയന്ത്രണ നിയമം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഫല പ്രദമായി നടപ്പിലാക്കിവരുന്നു. നദികളിലേക്കും പുഴകളിലേക്കും നേരിട്ടും അല്ലാതെയും വ്യാവസായിക പാഴ്ജലം ഒഴുക്കുന്ന വ്യവസായശാലകൾ, ആശുപത്രികൾ, മറ്റ് സ്ഥാപന ങ്ങൾ എന്നിവയെ ബോർഡിന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവരികയും 1974-ലെ ജല മലിനീകരണ നിയന്ത്രണ നിയമപ്രകാരമുള്ള സമ്മതം വാങ്ങുകയും അതിലെ നിബന്ധ നകൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. നദികളിലേയും പുഴകളി ലേയും ജലഗുണനിലവാരം തുടർച്ചയായി ബോർഡ് നിർണ്ണയം ചെയ്തുവരുന്നു. കൂടാതെ കേരളത്തിൽ വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്ന പമ്പ, കരമന, കല്ലട, അച്ചൻകോവിൽ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം എന്നീ 10 നദികളുടെ സമഗ്ര സംരക്ഷണത്തിനായുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി 1997-ൽ കേന്ദ്രപരിസ്ഥിതി-വന മന്ത്രാലയത്തിന് അനുമതിക്കും സാമ്പത്തിക സഹായത്തി നുമായി സമർപ്പിച്ചു. പ്രസ്തുത 10 നദികളെ മാലിന്യ വിമുക്തമാക്കുന്നതിനും സംരക്ഷി ക്കുന്നതിനുമായി 2567 കോടി രൂപ മതിപ്പ് ചെലവ് വരുമെന്നാണ് അന്ന് കണക്കാക്കിയി രുന്നത്. അതിൽ പമ്പാ ആക്ഷൻ പ്ലാനിന് മാത്രമാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ശേഷിക്കുന്ന നദികളുടെ ആക്ഷൻ പ്ലാനുകൾക്ക് അനുമതി ലഭ്യമായിട്ടില്ല.

ജലവിതരണ കുഴലിലെ തകരാറ് കണ്ടെത്തി പരിഹരിക്കുന്നതിനുള്ള അത്യാധുനിക മാർഗ്ഗങ്ങളെക്കുറിച്ചുള്ള പഠനം

54 [1772] ശ്രീ. എം. എ. വാഹീദ് :

„ ടി. വി. ചന്ദ്രമോഹൻ :

„ ജോർജ്ജ് ജെ. മാത്യു :

„ വി. ഡി. സതീശൻ :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലേക്കുള്ള ജലവിതരണ പൈപ്പ് കൂടെക്കൂടെ പൊട്ടുന്നതുമൂലം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടിവെള്ളം കിട്ടാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലവിതരണ പൈപ്പിന്റെ പൊട്ടലും ചോർച്ചയും അടിയിന്തിരമായി കണ്ടുപിടിക്കുന്നതിനും അതിനെ പൂർവ്വസ്ഥിതിയിലാക്കുവാൻ ഉതകുന്ന തരത്തിലുള്ള അത്യന്താധുനിക മാർഗ്ഗങ്ങൾ എന്തെങ്കിലും ലഭ്യമാണോ എന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ പാശ്ചാത്യരാജ്യങ്ങൾ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് പഠനം നടത്തുമോ ;

(ഡി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇവിടത്തെ പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ നടപ്പിലാക്കിവരുന്ന ജെ. ബി. ഐ. സി. സഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അത്യാധുനിക മാർഗ്ഗങ്ങളെക്കുറിച്ചുള്ള പഠനം നടത്തിവരുന്നു.

(സി) ജെ. ബി. ഐ. സി. സഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി പഠനം നടത്തുന്നതിനാൽ ഇപ്പോൾ മറ്റൊരു പഠനത്തിന്റെ ആവശ്യകത വിലയിരുത്തിയിട്ടില്ല.

(ഡി) മേൽപറഞ്ഞ പഠനം പൂർത്തിയാകുന്നതോടെ പ്രശ്നപരിഹാരത്തിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്. കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ജെ. ബി. ഐ. സി. സഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്.

മഴവെള്ളക്കൊയ്ത്തിന് മാറ്റി വയ്ക്കപ്പെട്ട തുക

55 [1773] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

„ സ്റ്റീഫൻ ജോർജ്ജ് :

„ തോമസ് ഉണ്ണിയാടൻ ;

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മഴവെള്ളക്കൊയ്ത്ത് കാര്യക്ഷമമായി നടത്തുന്നതിലേക്ക് ഏതൊക്കെ വിധത്തിലുള്ള സഹായമാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) മഴവെള്ളക്കൊയ്ത്തിനുവേണ്ടി ചെലവഴിക്കുവാൻ എന്തു തുക കരുതിയിട്ടുണ്ടെന്നും പ്രസ്തുത തുക ആർക്കൊക്കെയാണ് നൽകുന്നതെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly